**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6783** **21-03-2023 - ൽ മറുപടിയ്ക്ക്**

**അതിഥിത്തൊഴിലാളികൾക്കായി ഹെൽത്ത് കം ഡെത്ത് ഇൻഷുറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി. വി. അൻവർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അതിഥിത്തൊഴിലാളികൾക്കായി ഹെൽത്ത് കം ഡെത്ത് ഇൻഷുറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഈ പദ്ധതി പ്രകാരം എത്ര പേർ ഇതിനകം ഹെൽത്ത് കാർഡ് എടുത്തിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് അതിഥി തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടുള്ള "ആവാസ്" പദ്ധതി നിലവിലുണ്ട്. 18നും 60നും ഇടയിൽ പ്രായപരിധിക്കുള്ളിൽ കേരളത്തിലെത്തി വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ആവാസ് പദ്ധതി പ്രകാരം 5,16,320 പേർ ഇതിനകം ഹെൽത്ത് കാർഡ് എടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി അനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ; എത്ര പേർക്ക് ചികിത്സാ ആനുകൂല്യങ്ങളും ആശ്രിതർക്ക് സഹായവും ഇതിനകം ലഭ്യമാക്കിയിട്ടുണ്ടെന്ന വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | രജിസ്റ്റർ ചെയ്ത അംഗങ്ങൾക്ക് ചിസ്-പ്ലസ് എംപാനൽ ചെയ്ത കേരളത്തിലെ സർക്കാർ ആശുപത്രികളിൽ 25,000 രൂപ വരെ കിടത്തി ചികിത്സ സൗകര്യം (പ്രസവവുമായി ബന്ധപ്പെട്ട ചികിത്സ ഉൾപ്പെടെ) ലഭിക്കും. രജിസ്റ്റർ ചെയ്ത അംഗങ്ങൾക്ക് 2 ലക്ഷം രൂപയുടെ അപകട മരണ ഇൻഷുറൻസും ഒരു ലക്ഷം രൂപ വരെയുള്ള അംഗ വൈകല്യ ഇൻഷുറൻസും ലഭിക്കും.<br><br>ചികിത്സാ ആനുകൂല്യമായി 374 ഗുണഭോക്താക്കൾക്ക് 50,48,583/- രൂപയും, മരണാനന്തര ആനുകൂല്യമായി 36 ഗുണഭോക്താക്കൾക്ക് 72,00,000/- രൂപയും, ഒരു അംഗ പരിമിതന് 50,000/- രൂപയും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിക്കായി അതിഥിത്തൊഴിലാളികളുടെ ഓൺലൈൻ രജിസ്ട്രേഷന് വേണ്ടി പ്രത്യേക ആപ്പ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | അതിഥിത്തൊഴിലാളികളുടെ ഓൺലൈൻ രജിസ്ട്രേഷന് വേണ്ടി അതിഥി പോർട്ടലും, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി |

| | | | |
|---|---|---|---|
| | | | ബോർഡ് വികസിപ്പിച്ചിട്ടുള്ള ഗസ്റ്റ് ആപ്പ്-ഉം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ